5

# ദത്തെടുത്തു

## (1:5)

ടെഡും ഡാൺ സ്പെൻസറും തങ്ങളുടെ പ്രായപൂർത്തിയിലെത്തിയ ജീവിതം അപരിചിതരുടെ തുറിച്ചു നോട്ടത്തിനിരയായി നയിച്ചിരുന്നു. ടെഡിനു, 47-ഉം, ഡാണിനു, 36-ഉം വയസ്സുണ്ട്, രണ്ടുപേരും ഉയരം കുറവു ള്ളവരായിരുന്നു; എന്നാൽ അവരുടെ ആ ന്യൂനതയിൽ അവർ പ്രത്യേക മനോഭാവം വെച്ചു പുലർത്തിയിരുന്നു. അവരുടെ ശാരീരിക പരിമിതികളെ നോക്കുന്നതിനു പകരം, ജീവിതത്തെ മാറ്റുന്ന ഒരു തീരുമാനം അവർ എടുത്തു – തങ്ങളേക്കാൾ ശാരീരിക പ്രശ്നങ്ങൾ ഉള്ള ഒരു കുട്ടിയെ ദത്തെ ടുക്കുവാൻ അവർ തീരുമാനിച്ചു. അവർ പിന്നീടു ദക്ഷിണ കൊറിയയിലു ള്ളതും തൈവാനിലുള്ളതുമായ നാലു അംഗവൈകല്യമുള്ള അനാഥകുട്ടി കളെ ദത്തെടുത്തു.

ടെഡ് ശാന്തനും ഗൗരവക്കാരനുമായ മനുഷ്യൻ ആയിരുന്നു. ഡാൺ ഉല്ലാ സിയും പുറത്തു പോകുന്ന സ്വഭാവക്കാരിയുമായിരുന്നു. രണ്ടുപേരും വിശ്വ സിച്ചിരുന്നത് കുട്ടികൾ – പ്രത്യേകിച്ച് ആർക്കും വേണ്ടാത്തവർ – "നിങ്ങൾക്ക് അതു ചെയ്യുവാൻ കഴിയും" എന്നു ആരെങ്കിലും പറയുകയും, അവരിൽ വിശ്വ സിക്കുകയും, അവരെ സ്നേഹിക്കുകയും ചെയ്യുകയാണെങ്കിൽ, അവർക്ക് വളർച്ചയുണ്ടാകുമെന്നാണ്.

ദത്തെടുക്കൽ മൂലം കുടുംബാംഗങ്ങളായി തീർന്നവർ ഓഫീസുകളി ലും, സ്കൂളിലും, പ്രാദേശിക ഇടവകയിലും എത്രയോ പേർ ഉണ്ടെന്ന് അറി യുമ്പോൾ ഒരു പക്ഷെ നാം അതിശയിച്ചു പോകും. ദത്തെടുത്തതായ സഹോ ദരന്മാരും സഹോദരിമാരും ഒരുപക്ഷെ നിങ്ങൾക്കുണ്ടായേക്കാം. നിങ്ങളിൽ ചിലർക്ക് ദത്തെടുത്ത മക്കൾ കണ്ടേക്കാം. നിങ്ങളിൽ ചിലർ ദത്തെടുത്ത മക്കൾ *ആണ്.*

ദൈവ ഭവനത്തിലേക്ക് പ്രവേശിക്കുവാനുള്ള ഏക മാർഗ്ഗം ദത്തെടു ക്കൽ ആണ്. മനുഷ്യവർഗ്ഗത്തിൽ ഒരംഗം ആയതുകൊണ്ട് നിങ്ങൾ ദൈവഭ വനത്തിലുള്ളവർ എന്നു വരുന്നില്ല. ദത്തെടുക്കൽ മുഖേന മാത്രമെ നിങ്ങൾക്കു ദൈവഭവനത്തിൽ പ്രവേശിക്കുവാൻ കഴിയൂ.

മൂന്നു വ്യത്യസ്ത പുസ്തകങ്ങളിൽ, ദൈവഭവനത്തിലേക്കു ദത്തെടു ക്കുന്നതിനെ കുറിച്ചു പുതിയ നിയമം പറയുന്നുണ്ട് (റോമർ 8:15, 23; ഗലാത്യർ 4:5; കൂടാതെ എഫെസ്യർ 1:5). അവ മൂന്നും പൗലൊസിന്റെ എഴുത്തുകളി ൽ കാണപ്പെടുന്നു. എഫെസ്യർ 1:5 പറയുന്നു, "തിരുഹിതത്തിന്റെ പ്രസാദ പ്രകാരം, യേശുക്രിസ്തു മുഖാന്തരം നമ്മെ ദത്തെടുക്കേണ്ടതിനു നമ്മെ മുന്നിയമിച്ചിരിക്കുന്നു."

എല്ലാ ക്രിസ്ത്യാനികൾക്കും പിതാവായ ദൈവം ഉണ്ട്. നമ്മെ ദത്തെടു ത്തിരിക്കയാണ്. നാം ഇപ്പോൾ ദൈവത്തിന്റെ പുത്രന്മാരും പുത്രിമാരും ആണ്.

ഈ വസ്തുതയെ നാം മുറുകെ പിടിക്കുകയും അതിനെ ജീവിതത്തിൽ പ്രായോഗികമാക്കുന്നതുമാണ് ജീവിതത്തിലെ ഏറ്റവും വലിയ വെല്ലുവിളി യായി ഞാൻ കരുതുന്നതു.

ജെ.ഐ.പാക്കർ ഊന്നൽ കൊടുക്കേണ്ട സ്ഥാനത്തു ഊന്നൽ കൊടു ത്തിരിക്കുന്നു:

> ഒരാൾ എങ്ങനെ ക്രിസ്ത്യാനിത്വത്തെ മനസിലാക്കുമെന്നു തീരുമാനിക്കു വാൻ, ദൈവമകനാകുവാനും ദൈവത്തെ പിതാവായി സ്വീകരിക്കുവാനും, അയാൾ എത്രത്തോളം ചിന്തിക്കുന്നു എന്നു കണ്ടെത്തുക. ഈ ചിന്തയ നുസരിച്ചാണോ അയാൾ തന്റെ ആരാധനയും പ്രാർത്ഥനയും ജീവിത ത്തിന്റെ മൊത്തത്തിലുള്ള കാഴ്ച്ചപ്പാടും നിയന്ത്രിക്കുന്നതും എന്നു നോക്കു ക, അങ്ങനെ അല്ലാ എങ്കിൽ ക്രിസ്ത്യാനിത്വത്തെ കുറിച്ചു അയാൾ മനസ്സി ലാക്കുന്നേ ഇല്ല എന്നാണ്.[1]

*മനുഷ്യർക്കു നല്കുന്ന എല്ലാ ആത്മിയാനുഗ്രഹങ്ങളിലും വെച്ചു വലുതാണ് ദൈവഭവനത്തിലേക്കുള്ള ദത്തെടുക്കൽ.*

### ദത്തെടുക്കൽ: അതിന്റെ അർത്ഥം

പൗലൊസ് എഴുതി, "തനിക്കുവേണ്ടി യേശുക്രിസ്തു മുഖാന്തരം മക്ക ളായി ദത്തെടുക്കുവാൻ സ്നേഹത്തിൽ അവൻ [ദൈവം] നമ്മെ മുൻ നിയ മിച്ചു, ..." (1:4, 5). ക്രിസ്ത്യാനികളെ സൂചിപ്പിച്ചു പൗലൊസ് "ദത്തെടുക്കൽ" (ഗ്രീക്ക്.: *ഹുയിയോതെസിയ*) എന്ന വാക്ക് ഉപയോഗിച്ചതെന്തിന്? ദൈവം നമുക്ക് എന്തു ചെയ്തു എന്നും നാം ആരാണ് എന്നും ദത്തെടുക്കൽ എങ്ങനെ മനസിലാക്കുവാൻ നമ്മെ സഹായിക്കും?

അവരുടെ ലോകത്തു നിന്നും മനസ്സിലാക്കിയ ചിലതു നല്കി പൗലൊസ് തന്റെ വായനക്കാരുടെ ശ്രദ്ധ ആകർഷിക്കുകയാണ്. ദത്തെടുക്കൽ നടപടി മനസ്സിൽ പതിയുന്ന സംഭവങ്ങളാണ്. ചടങ്ങിന്റെ വിപുലമായ വിശദീകര ണങ്ങൾ പ്രവൃത്തിയുടെ ഗൗരവത്തെ അടി വരയിടുന്നു. ദത്തെടുക്കൽ പൂർണ്ണമാകുമ്പോൾ, ദത്തെടുക്കപ്പെട്ടവർക്കു അത് ഒരു പുതിയ വ്യക്തിത്വം ഉണ്ടാക്കും. അതു വില്യം ബാർക്ക്ലേ ഇപ്രകാരം പറഞ്ഞിരിക്കുന്നു:

> ദത്തെടുക്കൽ പൂർത്തിയാകുമ്പോൾ അതു തീർച്ചയായും പൂർത്തിയാ യി. ദത്തെടുത്ത ആളുടെ പഴയ കുടുംബത്തിലെ എല്ലാ അവകാശങ്ങളും ഇല്ലാതാകുകയും പുതിയ ഭവനത്തിലെ നിയമപ്രകാരമുള്ള ഒരു മകനുള്ള എല്ലാ അവകാശങ്ങളും കിട്ടുകയും ചെയ്യും. നിയമത്തിന്റെ കാഴ്ച്ചപ്പാടിൽ അയാൾ ഒരു പുതിയ വ്യക്തിയായി തീർന്നു. അവന്റെ പഴയ ഭവനത്തിലെ കടങ്ങളും കടമകളും എല്ലാം ഇല്ലാത്തവണ്ണം നീക്കം ചെയ്തു അവൻ ഒരു പുതിയ മനുഷ്യനായി തീരുന്നു.[2]

ദൈവമാണ് നമുക്ക് ഇതു ചെയ്തത് എന്നു നാം അറിയുവാൻ പൗലൊസ് ആഗ്രഹിച്ചു. ദത്തെടുക്കലിനു മുൻപു നാം ആരുമല്ലാത്ത വെറും ആത്മിയ അടിമകളായിരുന്നു. നാം വലിയ കടത്തിലായിരുന്നു – പാപത്തിനു നമ്മെ ത്തന്നെ വിട്ടിരുന്നവരും, മരിക്കുവാൻ ഏല്പിക്കപ്പെട്ടവരും, പ്രത്യാശയില്ലാ ത്തവരും ലോകത്തിൽ ദൈവം ഇല്ലാത്തവരും ആയിരുന്നു. ദൈവം രക്ഷി

പ്പാനും, സ്വതന്ത്രമാക്കുവാനും, ദത്തെടുക്കുവാനും തക്കവണ്ണം നമ്മെ സ്നേഹിച്ചു!

ദൈവം ഇതു നമുക്കുവേണ്ടി തന്റെ പുത്രൻ മുഖാന്തരമാണ് ചെയ്തത്. യേശുവിനെ കുറിച്ചു യോഹന്നാൻ 1:12 പറയുന്നു, "അവനെ കൈക്കൊണ്ടു, അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും, ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു." ദൈവമക്കൾ ആകുവാനുള്ള അവകാശം എല്ലാവർക്കും ഉള്ളതല്ല. യേശുവിൽ പൂർണ്ണ ആശ്രയം വെക്കുന്നവർക്കു മാത്രമെ വാസ്തവത്തിൽ ദൈവമക്കൾ ആകുവാൻ കഴിയൂ.

ഗലാത്യർ 4:4, 5 പറയുന്നു, "എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ, ദൈവം തന്റെ പുത്രനെ, സ്ത്രീയിൽ നിന്നു ജനിച്ചവനായി, ന്യായപ്രമാണ ത്തിൻ കീഴ് ജനിച്ചവനായി നിയോഗിച്ചയച്ചത്, അവൻ ന്യായപ്രമാണത്തിൻ കീഴുള്ളവരെ വിലെക്കു വാങ്ങീട്ടു, നാം പുത്രത്വം പ്രാപിക്കേണ്ടതിന്നു തന്നേ." ദൈവം ക്രിസ്തുവിനെ അയച്ചതു നമ്മെ വീണ്ടെടുക്കുന്നതിനും ദൈവഭവനത്തിലേക്കു ദത്തെടുക്കേണ്ടതിനുമാണ്.

എന്താണ് ദത്തെടുക്കൽ? അതിന്റെ അർത്ഥം എന്താണ്? ദത്തെടുക്കൽ കഴിഞ്ഞകാലത്തിൽ നിന്നു വിടുവിക്കലാണ്. ദൈവം തന്റെ മകനാണെന്നു അവകാശപ്പെടുന്നതാണ് ദത്തെടുക്കൽ. വീണ്ടെടുക്കുന്നതിനേക്കാൾ അധി കമായി ദൈവം നമുക്കു ചെയ്യുന്ന വലിയ കാര്യമാണ് ദത്തെടുക്കൽ.

അബ്രഹാം ലിങ്കൺ ഒരിക്കൽ കടന്നുപോകുമ്പോൾ ഒരു അടിമ പെൺകു ട്ടിയെ ലേലം ചെയ്യുന്നതു കണ്ടു. അവന്റെ മനസ്സലിഞ്ഞു. അവൻ ലേല ത്തിൽ പങ്കെടുത്തു, അവളെ വിലെക്കു വാങ്ങി. ലേലത്തുക കൊടുത്ത ശേഷം, അവൻ അവളോടു പറഞ്ഞു, "നീ ഇപ്പോൾ സ്വതന്ത്രയായി."

"അതിന്റെ അർത്ഥം എന്താണ്?" അവൾ അയാളോടു ചോദിച്ചു.

"അതിന്റെ അർത്ഥം നീ ഇനി സ്വതന്ത്രയാണ്," ലിങ്കൺ മറുപടി പറഞ്ഞു.

''അതിനർത്ഥം എനിക്ക് ഇനി എന്റെ ഇഷ്ടം പോലെ ആകാം എന്നാണോ?" അവൾ ചോദിച്ചു.

"അതെ, നീ ആഗ്രഹിക്കുന്നതുപോലെ നിനക്കാകാം" എന്നു ലിങ്കൺ മറുപടി പറഞ്ഞു.

''അതിനർത്ഥം എനിക്ക് ആഗ്രഹമുള്ള എവിടെയും പോകാ മെന്നാണോ?" അവൾ ചോദിച്ചു.

"അതെ, നിനക്കു എവിടെ വേണമെങ്കിലും പോകാം" എന്നു ലിങ്കൺ പറഞ്ഞു.

അതു പറഞ്ഞപ്പോൾ അവളുടെ കണ്ണിൽ നിന്നു കണ്ണുനീർ വരാൻ തുട ങ്ങിയെങ്കിലും, അവൾ ലിങ്കനെ നോക്കി പറഞ്ഞു, "എങ്കിൽ ഞാൻ നിങ്ങ ളോടൊപ്പം വരാം."

ദൈവം നിങ്ങൾക്കുവേണ്ടി അങ്ങനെ ചെയ്തു. അവൻ നിങ്ങളെ സ്വത ന്ത്രരാക്കി. അതിനേക്കാൾ അധികമായി, ദൈവം നിങ്ങളെ ദത്തെടുക്കുകയും അവന്റെ സ്വന്തം പുത്രനാക്കി തീർക്കുകയും ചെയ്തു.

## ദത്തെടുക്കൽ: അതിന്റെ നേട്ടങ്ങൾ

### നേട്ടം ഒന്ന്: പിതൃ സ്നേഹം

"അവനിൽ യേശുക്രിസ്തു മുഖാന്തരം മക്കളായി ദത്തെടുക്കുവാൻ

അവൻ *സ്നേഹത്തിൽ* നമ്മെ മുൻനിർണ്ണയിച്ചു, ...” ദത്തെടുക്കൽ ദൈവത്തിന്റെ സ്നേഹത്തെ പ്രകടമാക്കുന്നു.

ദൈവത്തിനു നമ്മോടുള്ള സ്നേഹത്തെ മനസ്സിലാക്കുവാൻ പുതിയ നിയമം നമ്മെ സഹായിക്കുന്നു. അവന്റെ അത്ഭുതകരമായ സ്നേഹം അളക്കുവാൻ അതു രണ്ടു അളവുകോൽ തരുന്നുണ്ട്. ഒന്ന് ക്രൂശ് ആണ്: “ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ, നമുക്കുവേണ്ടി മരിക്കയാൽ, ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു” (റോമർ 5:8). ദൈവം നിങ്ങളെ എത്രമാത്രം സ്നേഹിച്ചു എന്നു നിങ്ങൾക്കറിയുവാൻ ആഗ്രഹമുണ്ടോ? ഗോൽഗോഥയിലേക്കു നോക്കുക. നിങ്ങളോടുള്ള ദൈവത്തിന്റെ സ്നേഹം അളക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ? കാൽവരിയെ ശ്രദ്ധിക്കുക.

ദൈവ സ്നേഹം അളക്കുവാനുള്ള രണ്ടാമത്തെ അളവുകോൽ ദൈവത്തിന്റെ സൗജന്യമായ പുത്രത്വമാണ്: “കാൺമിൻ നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ, പിതാവു നമുക്കു എത്ര വലിയ സ്നേഹം നല്കിയിരിക്കുന്നു; അങ്ങനെ തന്നേ നാം ആകുന്നു. ...” (1 യോഹന്നാൻ 3:1). ദത്തെടുക്കൽ മുഖേന, നാം അവന്റെ സ്നേഹം ആസ്വദിക്കുന്നു. അവനു നമ്മെ രക്ഷിക്കയോ, പാപം ക്ഷമിക്കയോ, അല്ലെങ്കിൽ ദത്തെടുക്കുകയോ ചെയ്യേണ്ട ആവശ്യമില്ലായിരുന്നു. ദൈവം ഇവ മൂന്നും ചെയ്തത് സ്നേഹമുള്ളതുകൊണ്ടാണ്.

ഒരാൾ ഒരിക്കൽ ആസ്ട്രേലിയയിൽ പ്രസംഗ പര്യടനം നടത്തുകയായിരുന്നു. ഒരു പ്രഭാതത്തിൽ അയാളുടെ മുറി ജോലിക്കാരി വൃത്തിയാക്കുവാൻ വന്നപ്പോൾ അയാൾ പഠനത്തിനായി ഹാളിൽ പോയി ഇരുന്നു. തന്റെ കുറിപ്പുകൾ വീണ്ടും നോക്കിക്കൊണ്ടിരുന്നപ്പോൾ, അവൻ വയലിൻ ഉപയോഗിച്ചുള്ള സംഗീതം കേട്ടു. അത് അയാളുടെ ഏകാഗ്രത നഷ്ടപ്പെടുത്തുകയും, അസഹ്യമായി തോന്നുകയും ചെയ്തു. അവസാനം, അയാൾ മുറിയിൽ പോയി ജോലിക്കാരിയോട് ആ ശബ്ദത്തെ കുറിച്ചു പരാതിപ്പെടുകയും ചെയ്തു.

അവൾ ചോദിച്ചു, “ആരാണ് ആ വയലിൻ വായിക്കുന്നത് എന്നു നിങ്ങൾക്ക് അറിയാമോ?”

“ഇല്ല, ആരാണ്?”

“അതു ലോകപ്രശസ്ത വയലിനിസ്റ്റ് ആയ, യെഹൂദി മെനുഹിൻ ആണ്. അദ്ദേഹം ഇന്നു രാത്രിയിലെ പരിപാടിക്കു പരിശീലിക്കുകയാണ്.” അവൾ പറഞ്ഞു.

അതുകേട്ടപ്പോൾ അയാൾ അമ്പരന്നുപോയി. അയാൾക്ക് അതു വിശ്വസിക്കുവാൻ കഴിഞ്ഞില്ല. അയാൾ ഉടനെ ഒരു കസേര എടുത്ത് ഹാളിൽ പോയി ഇരുന്നു ആ വലിയ കലാകാരൻ പരിശീലിക്കുന്നതു കേട്ടുകൊണ്ടിരുന്നു. പിന്നീട്, അയാൾ കേട്ടതിനെ കുറിച്ചു ഇപ്രകാരം പറഞ്ഞു: “അതൊരു ഹൃദ്യമായ പരിപാടി ആയിരുന്നു – ഞാൻ കേട്ടിട്ടുള്ളതിൽ വെച്ചു മനോഹരമായ സംഗീതം – അതാസ്വദിക്കുവാൻ കഴിഞ്ഞത് ആരാണ് അതു വായിക്കുന്നതെന്ന് അറിഞ്ഞപ്പോഴായിരുന്നു.”

നിങ്ങൾ ഒരു ദൈവമകൻ ആണെങ്കിൽ, നിങ്ങളുടെ ജീവിതത്തിലെ സംഗീതം കേൾക്കുക. നിങ്ങൾ അത് ഒരുപക്ഷെ നഷ്ടപ്പെടുത്തിയിരിക്കാം. അത് എല്ലാസമയവും പ്രവർത്തിക്കുകയും കേൾക്കുവാൻ കാത്തിരിക്കു

കയും ചെയ്യുന്നു. നാം കേട്ട് ആസ്വദിക്കേണ്ടതിനു അതു വായുവിൽ നിറഞ്ഞിരിക്കയാണ്. അതു ദൈവ സ്നേഹത്തിന്റെ സംഗീതമാണ്. ആ സംഗീതം ആരിൽ നിന്നാണ് വരുന്നതെന്നറിഞ്ഞാൽ, പിന്നെ നാം നമ്മുടെ ജീവിതം പഴയതുപോലെ ഒരിക്കലും കാണുകയില്ല.

**നേട്ടം രണ്ട്: പ്രത്യാശ ആധാരമാക്കൽ**

ദൈവഭവനത്തിൽ ഏറ്റവും നല്ലതു എപ്പോഴും വരുവാനിരിക്കുന്നതേയുള്ളൂ. ക്രിസ്ത്യാനിത്വം പ്രത്യാശയുള്ള മതമാണ്. ദൈവമക്കളായതുകൊണ്ട്, അപ്രമേയമായ ഒരവകാശത്തിനായി നാം കാത്തിരിക്കുന്നു – അതു ദൈവം തന്നെ ഉറപ്പിച്ചിരിക്കയാണ് (1:14).

ദൈവമക്കൾ ആയതുകൊണ്ട് ക്രിസ്തുവിന്റെ മഹത്വത്തിന്റെ പ്രത്യാശ നാം പങ്കിടുന്നവരുമാണ് (റോമർ 8:17). ഒന്നു യോഹന്നാൻ 3:2 പറയുന്നു, "പ്രിയമുള്ളവരേ, നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു, നാം ഇന്നതു ആകും എന്നു ഇതുവരെ പ്രത്യക്ഷമായില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ, നാം അവനെ താൻ ഇരിക്കുംപോലെ തന്നെ കാണുന്നതാക കൊണ്ടു, അവനോടു സദൃശന്മാർ ആകും എന്നു, നാം അറിയുന്നു."

ദൈവത്തിന്റെ മക്കളായതുകൊണ്ട് നാം ഏറ്റവും വലിയ കുടുംബ ഒത്തുചേരൽ ആഗ്രഹിക്കുന്നു, അത് സ്വർഗ്ഗമെന്നു വിളിക്കുന്ന സ്ഥലത്തുണ്ട്. നാം കർത്താവിനോടും ദൈവഭവനത്തോടും കൂടെ അവിടെ എന്നേക്കും കഴിയും (1 തെസലൊനിക്യർ 4:17). നാം പലപ്പോഴും പാടാറുള്ള പാട്ട് ഓർക്കുക:

ചിലപ്പോൾ നാം ഒരുമിച്ചു ചിരിക്കും,
  ചിലപ്പോൾ കരയും;
ചിലപ്പോൾ നാം ഒരുമിച്ചു,
  ഹൃദയ വേദനകളും നെടുവീർപ്പുകളും പങ്കിടും;
ചിലപ്പോൾ നാം ഒരുമിച്ചു
  അതെങ്ങനെ എന്നു സ്വപ്നം കാണും
അതായത് ദൈവത്തിന്റെ ഭവനമായ,
  സ്വർഗ്ഗത്തിൽ നാം എല്ലാവരും എത്തുമ്പോൾ.[3]

ദത്തെടുക്കലിന്റെ നേട്ടങ്ങളിൽ ഒന്നായ പ്രത്യാശ നമുക്കുള്ളതുകൊണ്ടാണ് നാം ശബ്ദമുയർത്തി ആ പാട്ടു പാടുന്നത്.

## ദത്തെടുക്കൽ:
## അതിന്റെ ഉത്തരവാദിത്വങ്ങൾ

ജെ. ഐ. പാക്കർ ദത്തെടുക്കലിനെ കുറിച്ചു പറഞ്ഞു "ആ നാമവുമായി ബന്ധപ്പെട്ടു ക്രിസ്തീയ ജീവിതം മുഴുവൻ നാം മനസിലാക്കണം."[4] താൻ ആരായിരുന്നു എന്നു മനസ്സിലാക്കിയതുകൊണ്ടാണ് യേശു ജീവിച്ചതുപോലെ ജീവിച്ചത് – അവൻ ദൈവപുത്രൻ ആയിരുന്നു. നമ്മുടെ ജീവിതത്തിനു വകതിരിവുണ്ടാകുന്നതു ദൈവം നമ്മുടെ പിതാവാണെന്നും നാം അവന്റെ മക്കളാണെന്നും ഉള്ള അറിവു നമുക്കുണ്ടാകുമ്പോഴാണ്. ഇതു തന്റെ ഗിരി പ്രഭാഷണത്തിൽ യേശു ഊന്നി പറഞ്ഞിട്ടുണ്ട്. ദൈവത്തെ പിതാവായി അറിയുന്നവരോടു യേശു ആ പ്രസംഗത്തിൽ പറഞ്ഞതു ശ്രദ്ധിക്കുക.

1. *നാം ദൈവമക്കളായി ജീവിക്കണം.* ദൈവത്തെ അനുകരിച്ചുകൊണ്ട് നമുക്ക് ഇതു ചെയ്യുവാൻ കഴിയും. യേശു പറഞ്ഞു, "'കൂട്ടുകാരനെ സ്നേഹിക്ക എന്നും, ശത്രുവിനെ പകെക്ക' എന്നും അരുളിച്ചെയ്തതു, നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. ഞാനോ നിങ്ങളോടു പറയുന്നതു, നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ നിങ്ങളെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനു പുത്രന്മാരായി തീരേണ്ടതിനു തന്നേ; ..." (മത്തായി 5:43–45).

ദൈവമകനായി ജീവിക്കുക എന്നാൽ ദൈവത്തെ അനുകരിക്കുക എന്നാണർത്ഥം. പിതാവിനു ആദരവു അർപ്പിക്കുക എന്നും അതിനർത്ഥമുണ്ട്. നാം വായിക്കുന്നു, "അങ്ങനെ തന്നെ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനു, നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്തായി 5:16).

നാം ദൈവമക്കളായി ജീവിക്കുന്നത് അവനെ അനുകരിച്ചുകൊണ്ടും, അവനു ബഹുമാനം നല്കിക്കൊണ്ടും, മനുഷ്യരെ പ്രസാദിപ്പിക്കാതെ, ദൈവത്തെ പ്രസാദിപ്പിക്കുന്നതു നമ്മുടെ സ്ഥിരമായ ലക്ഷ്യമാക്കിക്കൊണ്ടും ആണ്. "മനുഷ്യർ കാണേണ്ടതിനു നിങ്ങളുടെ നീതിയെ അവരുടെ മുമ്പിൽ ചെയ്യാതിരിപ്പാൻ സൂക്ഷിപ്പിൻ; അല്ലാഞ്ഞാൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന്റെ പക്കൽ നിങ്ങൾക്കു പ്രതിഫലമില്ല" (മത്തായി 6:1).

2. *നാം ദൈവമക്കളായി പ്രാർത്ഥിക്കണം.* ദത്തെടുക്കപ്പെട്ട മക്കളായി നാം "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ" എന്നു പ്രാർത്ഥിക്കണം (മത്തായി 6:9). ഒരേ കാര്യം നാം മനപ്പൂർവ്വമായി വീണ്ടും വീണ്ടും പറയുന്നതു ഒഴിവാക്കണം (മത്തായി 6:7, 8). നമുക്കു സ്വതന്ത്രമായും ധൈര്യമായും പ്രാർത്ഥിക്കാം: "യാചിപ്പിൻ, എന്നാൽ നിങ്ങൾക്കു കിട്ടും; അന്വേഷിപ്പിൻ, എന്നാൽ നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ, എന്നാൽ നിങ്ങൾക്കു തുറക്കും" (മത്തായി 7:7).

3. *ദൈവമക്കളായി നാം ആശ്രയിക്കണം.* വിഷമമോ വിചാരമോ കൂടാതെ നമുക്കു ജീവിക്കുവാൻ കഴിയും. നമ്മുടെ പിതാവു നമ്മുടെ വാസ്തവത്തിലുള്ള ആവശ്യങ്ങൾ എല്ലാം തരും എന്നു നാം അവനിൽ ആശ്രയിക്കുകയാണ് വേണ്ടത്. "ഈ വക ഒക്കെയും ജാതികൾ അന്വേഷിക്കുന്നു; സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവു ഇതൊക്കെയും നിങ്ങൾക്കു ആവശ്യം എന്നു അറിയുന്നുവല്ലോ. മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ; അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും" (മത്തായി 6:32, 33).

ദത്തെടുക്കലിനു നേട്ടങ്ങൾ ഉള്ളതുപോലെ, അതിനു അതിന്റേതായ ഉത്തരവാദിത്വങ്ങളുമുണ്ട്. എപ്പോഴെങ്കിലും നമ്മുടെ മാതാപിതാക്കൾ നമുക്കരികിലിരുന്നു കുടുംബം ആദരിക്കപ്പെടേണ്ടതിന് നമ്മെ പ്രോത്സാഹിപ്പിച്ചത് മിക്ക പേർക്കും ഓർമ്മയുണ്ടാകുമല്ലോ.

അതു ദൈവത്തിന്റെ ഭവനത്തിലേക്കു വരുമ്പോഴും ആവശ്യമാണ്. നമ്മുടെ നേട്ടങ്ങളോടൊപ്പം ഉത്തരവാദിത്ത്വങ്ങളുമുണ്ട്. ഒന്നു കൂടാതെ നമുക്ക് മറ്റൊന്നുണ്ടാകുകയില്ല. ദൈവഭവനത്തിലേക്ക് നമ്മെ ദത്തെടുക്കുന്ന നേട്ടത്തോടൊപ്പം ദൈവഭവനത്തിലെ അംഗങ്ങളായി ജീവിക്കുന്നതിന്റെ ഉത്തരവാദിത്വവുമുണ്ട്.

## ഉപസംഹാരം

"നമ്മിൽ വെളിപ്പെടുവാനുള്ള തേജസു വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്നു ഞാൻ എണ്ണുന്നു. സൃഷ്ടി ദൈവപുത്രന്മാരുടെ വെളിപ്പാടിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു" (റോമർ 8:18, 19; ജെ.ബി. ഫിലിപ്പിന്റെ തർജ്ജിമ). അതു സൃഷ്ടി മുഴുവനും – എല്ലാ സ്വർഗ്ഗീയ ജീവികളുമടക്കം – ഒരു വലിയ സദസ്സായി ചേർന്നു, ശ്വാസം അടക്കി പിടിച്ചു തിരശ്ശീല ഉയരുവാൻ നോക്കിയിരിക്കുന്നതു പോലെയാണ്. കാലാവസാനത്തിൽ അവസാനം അതു സംഭവിക്കുമ്പോൾ, എല്ലാ സൃഷ്ടികളും അമ്പരപ്പോടെ വീർപ്പുമുട്ടും. ദൈവം തന്റെ മഹത്വം ദത്തെടുത്ത മക്കൾക്ക് നല്കുമ്പോൾ പ്രപഞ്ചം മുഴുവൻ ആ ശബ്ദം കേൾക്കും.

---

കുറിപ്പുകൾ

[1]ജെ.ഐ. പാക്കെർ, *നോയിങ് ഗോഡ്* (ഡൗണേഴ്സ് ഗ്രോവ്, Ill.: ഇന്റർവാർസിറ്റി പ്രെസ്, 1973), 182. [2]വില്യം ബാർക്ക്‌ലേ, *ദ ലെറ്റേഴ്സ് ടു ദ ഗലേഷ്യൻസ് ആന്റ് എഫേഷ്യൻസ്*, ദ ഡെയിലി സ്റ്റഡി ബൈബിൾ സീരീസ്, റെവ. എഡി. (ഫിലദെൽഫിയ: വെസ്റ്റ് മിൻസ്റ്റർ പ്രെസ്, 1976), 80. [3]ലാനി വോൾഫ്, "ഗോഡ്സ് ഫാമിലി," *സോങ്സ് ഓഫ് ഫെയിത്ത് ആന്റ് പ്രെയിസ്* (വെസ്റ്റ് മോൺറോ, ലാ.: ഹോവാഡ് പബ്ലിഷിങ് കമ്പനി., 1994), 744. ©1974 ലാനി വോൾഫ് മ്യൂസിക്ക് / ഏഎസ്സിഏപി. എല്ലാ അവകാശങ്ങളും നിയന്ത്രിക്കപ്പെട്ടിരിക്കുന്നത് പാത്ത്‌വേ മ്യൂസിക്, പി. ഓ. ബോക്സ് 2250, ക്ലെവീലാന്റ്, ടിഎൻ 37320. അനുവാദത്തോടെ പ്രസിദ്ധീകരിച്ചിരിക്കുന്നു. [4]പാക്കർ, 190.